I ഇ.ബി. XV - കേരള നിയമസഭ/X-11

പതിനഞ്ചാം കേരള നിയമസഭ

പത്താം സമ്മേളനം

നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2024 ഫെബ്രുവരി 15, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I. തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 2119-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനഞ്ചാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലെ 12-09-2023-ലെ നക്ഷത്രചിഹ്നമിടാത്ത 2119-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം ന്യൂനപക്ഷക്ഷേമം, കായികം. വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II. അടിയന്തരപ്രമേയ നോട്ടീസ്

മി. സ്പീക്കർ: ആലപ്പുഴയിൽ നവകേരള സദസ്സിനെതിരെ പ്രതിഷേധിച്ച യൂത്ത് കോൺഗ്രസ് പ്രവർത്തകരെ ക്രൂരമായി മർദ്ദിച്ച മുഖ്യമന്ത്രിയുടെ ഗൺമാനും സെക്യൂരിറ്റി ഓഫീസർക്കുമെതിരെ കോടതി നിർദ്ദേശപ്രകാരം കേസെടുത്തിട്ടും തുടർനടപടി സ്വീകരിക്കാതെ കേസ് അട്ടിമറിക്കപ്പെടുന്നതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് റൂൾ 50 പ്രകാരം നോട്ടീസ് ലഭിച്ചിട്ടുണ്ട്. ഈ വിഷയം അടുത്ത കാലത്തുണ്ടായ പ്രത്യേക സംഗതി അല്ലാത്തതിനാലും കോടതിയുടെ പരിഗണനയിലായതിനാലും സഭാ നടപടി ചട്ടം 52 (iii), (vii) എന്നിവ പ്രകാരം അനുവദിക്കാൻ കഴിയുന്നതല്ല.

പ്രതിപക്ഷനേതാവ് (ശ്രീ. വി.ഡി. സതീശൻ): ആലപ്പുഴയിൽ നവകേരള സദസ്സിനെതിരെ പ്രതിഷേധിച്ച യൂത്ത് കോൺഗ്രസ് പ്രവർത്തകരെ ക്രൂരമായി മർദ്ദിച്ച മുഖ്യമന്ത്രിയുടെ ഗൺമാനും സെക്യൂരിറ്റി ഓഫീസർക്കുമെതിരെ മജിസ്ട്രേറ്റ് കോടതിയുടെ നിർദ്ദേശപ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടും കുറ്റാരോപിതർ ഇതുവരെ പോലീസ് സ്റ്റേഷനിൽ ഹാജരാകുകയോ കേസുമായി സഹകരിക്കുകയോ ചെയ്യാത്തതുസംബന്ധിച്ചാണ് നോട്ടീസ് നൽകിയിട്ടുള്ളത്.

മി. സ്പീക്കർ: സഭാനടപടി ചട്ടപ്രകാരം അനുവദിക്കാൻ നിർവ്വാഹമില്ല.

(അടിയന്തരപ്രമേയ നോട്ടീസിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബാനറും പ്ലക്കാർഡുകളും ഉയർത്തി ഡയസ്സിനുമുന്നിൽ വന്നുനിന്ന് ബഹളം വയ്ക്കുന്നതിനിടയിൽ ബഹു. സ്പീക്കർ അടുത്ത നടപടിയിലേയ്ക്ക് കടക്കുകയും ശ്രദ്ധക്ഷണിക്കൽ പ്രമേയാവതരണത്തിനിടയിൽ പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തിയശേഷം പ്രതിപക്ഷം ഒന്നടങ്കം സഭവിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരികെ ഹാജരാകുകയും ചെയ്തു.)

## III. ശ്രദ്ധ ക്ഷണിക്കൽ

### (1) റബ്ബർ മേഖല നേരിടുന്ന പ്രതിസന്ധി

ശ്രീ. ടി. പി. രാമകൃഷ്ണൻ: കേന്ദ്രസർക്കാരിന്റെ തെറ്റായ ഇറക്കുമതി നയം കേരളത്തിലെ റബ്ബർ മേഖലയെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. റബ്ബർ കർഷകരുടെ സംരക്ഷണത്തിന് പ്രത്യേക പാക്കേജ് അനുവദിക്കുന്നതിനും തോട്ടങ്ങൾ പുനരുദ്ധരിച്ച് വീണ്ടും കൃഷി ചെയ്യുന്നതിനുള്ള സഹായം ലഭ്യമാക്കുന്നതിനും റബ്ബറിന് താങ്ങുവില നിശ്ചയിക്കുന്നതിനും റബ്ബർ ബോർഡിൽ കേരളത്തിന് അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനും കേന്ദ്രഗവൺമെന്റിൽ

സമ്മർദ്ദം ചെലുത്തണം. റബ്ബർ ബോർഡിന്റെ ആസ്ഥാനം കേരളത്തിൽനിന്നും മാറ്റാനുള്ള കേന്ദ്രനീക്കത്തെ ചെറുക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): കേന്ദ്രസർക്കാർ നടപ്പിലാക്കിയ ഉദാരവൽക്കരണ നയവും കയറ്റുമതി-ഇറക്കുമതി നയങ്ങളും ആഗോള കരാറുകളും കേരളത്തിലെ റബ്ബർ മേഖലയെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. തീരുവയില്ലാതെയുള്ള റബ്ബർ ഇറക്കുമതി അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ഉണക്ക റബ്ബറിന്റെ ഇറക്കുമതി തീരുവ 70 ശതമാനത്തിലേയ്ക്ക് ഉയർത്തണമെന്നും റബ്ബറിനെ മേക്ക്-ഇൻ-ഇന്ത്യ പദ്ധതിയിലുൾപ്പെടുത്തണമെന്നും ചണ്ടി റബ്ബർ ഇറക്കുമതി ചെയ്യുന്നതിനുള്ള നിരോധനം തുടരണമെന്നും വിലസ്ഥിരതാ ഫണ്ട് 250 രൂപയായി ഉയർത്തുന്നതിന് സഹായം ലഭ്യമാക്കണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടെങ്കിലും അനുകൂല നിലപാട് സ്വീകരിച്ചിട്ടില്ല. സ്വാഭാവിക റബ്ബർ, ചിരട്ടപ്പാൽ എന്നിവയുടെ ഇറക്കുമതി തടയാനും നാഷണൽ റബ്ബർ പോളിസിയിലൂടെ ദേശീയതലത്തിൽ റോഡ് റബ്ബറൈസ്ഡ് ചെയ്യാനും നിർമ്മാണപ്രവൃത്തികളിൽ റബ്ബർവുഡ്ഡിന്റെയും റബ്ബറനുബന്ധ ഉല്പന്നങ്ങളുടെയും ഉപയോഗം പ്രോത്സാഹിപ്പിക്കാനും നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. റബ്ബർ

ബോർഡിന്റെ ആസ്ഥാനം കേരളത്തിൽനിന്നും മാറ്റുന്നതിനുള്ള നീക്കം താൽക്കാലികമായി നിർത്തിവച്ചതായാണ് അറിയാൻ കഴിഞ്ഞത്. ഉൽപ്പാദനച്ചെലവ് വർദ്ധിച്ചത് കണക്കിലെടുത്ത് റബ്ബറിന്റെ താങ്ങുവില 2024 ഏപ്രിൽ 1 മുതൽ 180 രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് ഇനത്തിൽ 1993.36 കോടി രൂപ കർഷകർക്ക് നൽകിയിട്ടുണ്ട്. 2375 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച KERA പദ്ധതിയിൽ പ്ലാന്റേഷൻ മേഖലയുടെ ഉന്നമനത്തിനായി പ്രത്യേക തുക വകയിരുത്തിയിട്ടുണ്ട്. റബ്ബർ മേഖലയുടെ സംരക്ഷണത്തിന് പ്രത്യേക പാക്കേജ് അനുവദിക്കുന്നതിന് കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതാണ്.

## (2) കയർ മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. രമേശ് ചെന്നിത്തല: സംസ്ഥാനത്തെ കയർപിരി-കയറുല്പാദന മേഖലകൾ സ്തംഭനാവസ്ഥയിലാണ്. കയർപിരി മേഖലയിലെ സംഘങ്ങൾക്ക് പ്രവർത്തനമൂലധനം ലഭ്യമാക്കുന്നതിനും കയർ കോർപ്പറേഷൻ നൽകാനുള്ള കുടിശ്ശിക നൽകുന്നതിനും പ്രവർത്തനരഹിതമായവയ്ക്ക് മാനേജീരിയൽ സബ്സിഡി നൽകുന്നതിനും തൊഴിലാളികൾക്ക് ആഴ്ചയിൽ 4 ദിവസമെങ്കിലും ജോലി ഉറപ്പാക്കുന്നതിനും

കൂലി പുതുക്കി നിശ്ചയിക്കുന്നതിനും നടപടി സ്വീകരിക്കണം. സർക്കാർ സ്ഥാപനങ്ങൾക്കും ജീവനക്കാർക്കും കയറുല്പന്നങ്ങൾ വാങ്ങണമെന്ന കർശന നിർദ്ദേശം നൽകണം. കയർതൊഴിലാളികളുടെയും ചെറുകിട ഉടമകളുടെയും യോഗം വിളിച്ചുചേർക്കണം. കെട്ടിക്കിടക്കുന്ന കയറുല്പന്നങ്ങൾ സംഭരിക്കാനും ആഭ്യന്തര-വിദേശ മാർക്കറ്റുകളിൽ എക്സ്പോകൾ നടത്തി ഓർഡർ ലഭ്യമാക്കാനും ആലപ്പുഴയിലും ഹരിപ്പാടുമുള്ള ക്ലസ്റ്ററുകൾ ശക്തിപ്പെടുത്താനും നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): കയർ സഹകരണ സംഘങ്ങളും കയർതൊഴിലാളികളും നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വിവിധ സർക്കാർ പദ്ധതികൾ നടപ്പാക്കിവരുന്നു. 60 വർഷമായി കയർ മേഖലയിൽ തുടർന്നിരുന്ന അശാസ്ത്രീയമായ കൂലി ഘടനയിൽ മാറ്റം വരുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 412 കോടി രൂപ കയർ മേഖലയിൽ ചെലവഴിച്ചിട്ടുണ്ട്. പ്രവർത്തന മൂലധനം, മാനേജീരിയൽ സബ്സിഡി, പ്രൊഡക്ഷൻ ആൻഡ് മാർക്കറ്റിംഗ് ഇൻസെന്റീവ് (പി.എം.ഐ), മാർക്കറ്റ് ഡെവലപ്മെന്റ് അസിസ്റ്റൻസ് എന്നിവ ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. ഇൻകം സപ്പോർട്ട് സ്കീമിൽ 18847 കയർ തൊഴിലാളികൾക്കായി 16.23 കോടി രൂപ

വിതരണം ചെയ്തിട്ടുണ്ട്. ചെറുകിട ഉൽപ്പാദക സംഘങ്ങളിൽനിന്ന് ഉൽപ്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തിവരുന്നു. കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ 115.7 കോടി രൂപയുടെ കയർ ഭൂവസ്ത്രം വിതരണം ചെയ്തിട്ടുണ്ട്. ചകിരിയും കയറും സംഭരിക്കുന്നതോടൊപ്പം വിപണി മൂല്യമുള്ള വിവിധ ഉൽപ്പന്നങ്ങൾ കയർഫെഡ് വിപണിയിലെത്തിക്കുന്നുണ്ട്. 'സ്പ്രിംഗ് 2024' വ്യാപാരമേളയിൽ പുതിയ കയർ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിച്ച് കയർ കോർപ്പറേഷൻ പുരസ്കാരം നേടി. കയർ മേഖലയിലെ ക്ലസ്റ്ററുകൾ ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ കയർബോർഡുമായി ചർച്ച ചെയ്യുന്നതാണ്.

**സബ്മിഷൻ**

(1) സപ്ലൈകോയിലെ അത്യാവശ്യ സാധനങ്ങളുടെ വില വർദ്ധന

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സപ്ലൈകോ സബ്സിഡി നിരക്കിൽ നൽകുന്ന നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് പിൻവലിക്കണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സപ്ലൈകോയിലെ സബ്സിഡി സാധനങ്ങളുടെ വില 2014-ലാണ് അവസാനമായി പരിഷ്കരിച്ചത്. സബ്സിഡി വിലയും പൊതുവിപണി

വിലയും തമ്മിലുള്ള വലിയ വ്യത്യാസംമൂലം സപ്ലൈകോയ്ക്ക് ഭീമമായ ബാധ്യതയുണ്ടാകുന്നുണ്ട്. വിപണി ഇടപെടലിന്റെ പ്രയോജനം സുസ്ഥിരവും ശാശ്വതവുമായി നിലനിർത്താൻ സബ്സിഡി വിലകൾ യുക്തിസഹമായും ശാസ്ത്രീയമായും പരിഷ്കരിക്കേണ്ടത് അനിവാര്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് വില വർദ്ധിപ്പിച്ചിട്ടുള്ളത്.

(ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബാനറുകളും പ്ലക്കാർഡുകളുമുയർത്തി ഡയസ്സിന് മുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

(2) ആദിവാസി വൈദ്യന്മാരുടെ പാരമ്പര്യ ചികിത്സ

ശ്രീ. ടി. പി. രാമകൃഷ്ണൻ: വനമേഖലയിലെ ഔഷധ പച്ചമരുന്ന് സംരക്ഷിക്കാൻ മരുന്നുകൃഷി പ്രോത്സാഹിപ്പിക്കുകയും വനത്തിൽനിന്നും പച്ചമരുന്ന് ശേഖരിക്കാനുള്ള നിയമപരമായ അവകാശം ആദിവാസികൾക്ക് നൽകുകയും ആദിവാസികളുടെ പാരമ്പര്യ ചികിത്സയ്ക്ക് ശാസ്ത്രീയ അടിത്തറ ലഭ്യമാക്കുകയും പാരമ്പര്യ വൈദ്യന്മാർക്ക് സാമൂഹ്യപരിരക്ഷ ഉറപ്പുവരുത്തുകയും വേണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും

പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പട്ടികവർഗ്ഗ വിഭാഗത്തിലെ പാരമ്പര്യവൈദ്യം പ്രോത്സാഹിപ്പിക്കാൻ മാനന്തവാടിയിൽ അച്ചപ്പൻ വൈദ്യരുടെ നേതൃത്വത്തിൽ പാരമ്പര്യ വൈദ്യഗവേഷണ-പഠന കേന്ദ്രങ്ങൾ ആരംഭിക്കുകയും ചികിത്സാ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും പുതുതലമുറയ്ക്ക് അറിവ് പകർന്ന് നൽകുന്നതിനുമായി കിർത്താഡ്സുമായി സഹകരിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയും ചെയ്യുന്നു. പട്ടികവർഗ്ഗ സമുദായങ്ങൾക്ക് മാത്രമായി ത്രിവത്സര പാരമ്പര്യ വൈദ്യ കോഴ്സ് സംഘടിപ്പിച്ചിട്ടുണ്ട്. വിവിധ ജില്ലകളിലായി അഞ്ചിടങ്ങളിൽ പാരമ്പര്യവൈദ്യ തിരുമ്മ് ചികിത്സയിൽ പട്ടികവർഗ്ഗക്കാരായ യുവതീ-യുവാക്കൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പാരമ്പര്യ ഔഷധജ്ഞാനം അവരിൽത്തന്നെ നിലനിർത്തുന്നതിനും പൊതുജനങ്ങളുൾപ്പെടെയുള്ളവർക്ക് പാരമ്പര്യ വൈദ്യചികിത്സയുടെ സേവനം കൂടുതലായി ലഭിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇതിലൂടെ സാധിച്ചിട്ടുണ്ട്.+

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് ബാക്കിയുള്ള സബ്മിഷനുകളുടെ മറുപടികൾ മേശപ്പുറത്തുവയ്ക്കുകയും കാര്യവിവരപ്പട്ടികയിലെ തുടർ

+(വിശദമായ മറുപടി മേശപ്പുറത്തുവച്ചു.)

നടപടികളിലേയ്ക്ക് കടക്കുകയും ചെയ്തു.)

## V മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## VI റിപ്പോർട്ട് സമർപ്പണം

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പന്ത്രണ്ടും പതിമൂന്നും റിപ്പോർട്ടുകൾ സമർപ്പിച്ചു.

## VII ധനകാര്യം

### വോട്ട് ഓൺ അക്കൗണ്ട് - ചർച്ചയും വോട്ടെടുപ്പും

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): "ഈ ഉപക്ഷേപത്തോടനുബന്ധിച്ചുള്ള പട്ടികയിലെ നാലാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ പ്രസ്തുത പട്ടികയിലെ മൂന്നാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാൻഡ് ഹെഡ്ഡുകൾ സംബന്ധിച്ച് 2024-25 സാമ്പത്തിക വർഷത്തിലെ ആദ്യത്തെ നാല് മാസത്തേയ്ക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനുവേണ്ടിയോ ചെലവ് ചെയ്യുന്നതിലേയ്ക്കോ ആയി ഗവർണർക്ക് നൽകണം" എന്ന ഉപക്ഷേപം

അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

ഉപക്ഷേപം സഭ പാസ്സാക്കുകയും വോട്ട് ഓൺ അക്കൗണ്ട് അനുവദിക്കുകയും ചെയ്തു.

## VIII നിയമനിർമ്മാണകാര്യം

(1) 2024-ലെ കേരള ധനകാര്യ ബിൽ

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2024-ലെ കേരള ധനകാര്യ ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും അനന്തര ഘട്ടങ്ങളും:

(i) 2024-ലെ കേരള ധനവിനിയോഗ ബിൽ
(ii) 2024-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2024-ലെ കേരള ധനവിനിയോഗ ബില്ലും 2024-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലും

അവതരിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): 2024-ലെ കേരള ധനവിനിയോഗ ബില്ലും 2024-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): പ്രമേയത്തെ പിന്താങ്ങുന്നു.

2024-ലെ കേരള ധനവിനിയോഗ ബില്ലും 2024-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ പരിഗണനയ്ക്കെടുക്കുകയും ചെയ്തു.

(i) <u>2024-ലെ കേരള ധനവിനിയോഗ ബിൽ</u>

<u>രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതിയില്ല.)

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2024-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): പ്രമേയത്തെ പിന്താങ്ങുന്നു.

2024-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(ii) 2024-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല.)

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2024-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): പ്രമേയത്തെ പിന്താങ്ങുന്നു.

2024-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## IX അവകാശലംഘന പ്രശ്നങ്ങൾ

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും സംസ്ഥാന പോലീസ് മേധാവിക്കുമെതിരെ ശ്രീ. എ. പി. അനിൽ കുമാർ നൽകിയ നോട്ടീസ്, ധനകാര്യ വകുപ്പുമന്ത്രിക്കെതിരെ ശ്രീ. പി. സി. വിഷ്ണുനാഥ് നൽകിയ നോട്ടീസ്, ശ്രീ. സാബു എം. ജേക്കബിനെതിരെ ശ്രീ. പി. വി. ശ്രീനിജിൻ നൽകിയ നോട്ടീസ് എന്നിവ ചെയറിന്റെ പരിഗണനയിലാണ്.

## X പ്രമേയം

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 'സഭ മുമ്പാകെ മറ്റ് അത്യാവശ്യ

ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയാവുന്നതാണ് എന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

(സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ ബഹു. സ്പീക്കറുടെ അഭ്യർത്ഥനയെത്തുടർന്ന് സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരായി)

പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിൽ പരിഗണിച്ച വിഷയങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ സംക്ഷിപ്ത വിവരണം നടത്തുകയും നിയമസഭ 2023 നവംബറിൽ സംഘടിപ്പിച്ച പുസ്തകോത്സവത്തിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ അംഗങ്ങൾക്കും സമ്മേളനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സഹകരിച്ച എല്ലാവർക്കും നന്ദിരേഖപ്പെടുത്തുകയും ഹൃദ്യമായ ഈസ്റ്റർ-റമദാൻ-വിഷു ആശംസകൾ നേരുകയും ചെയ്തു.

(സഭ ദേശീയഗാനാലാപനത്തോടെ രാവിലെ 10.54-ന് അനിശ്ചിത കാലത്തേയ്ക്ക് പിരിഞ്ഞു.)

******